സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ

984 [1181] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൻകീഴിൽ വരുന്നതുമായ സംസ്ഥാനത്തെ സൊസൈറ്റികൾ എത്രയാണെന്നു വ്യക്തമാക്കാമോ;

(ബി) ഇതിൽ മൊത്തം എത്ര ജീവനക്കാരുണ്ട്;

(സി) സൊസൈറ്റി ജീവനക്കാരുടെ ക്ഷേമനിധിയിൽ 1986 ജൂൺ 30 വരെ എന്ത് തുകയുണ്ട്?

ഉത്തരം

(എ) 30-6-84-ലെ കണക്കനുസരിച്ച് 7715-ഉം, 30-6-1985-ലെ കണക്കനുസരിച്ച് 7864-ഉം സൊസൈറ്റികൾ ഉണ്ടായിരുന്നു.

(ബി) 30-6-84-ലെ കണക്കനുസരിച്ച് ദിവസക്കൂലിക്കാർ ഉൾപ്പെടെ 30477 ജീവനക്കാർ. 30-6-85-ലെ സ്ഥിതിവിവരം പൂർണ്ണമായും ലഭിച്ചിട്ടില്ല.

(സി) യാതൊരു തുകയും സംഭരിച്ചിട്ടില്ല.

നിലവിലുള്ള വനിതാ സഹകരണ സംഘങ്ങൾ

985 [1182] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വനിതാ സഹകരണസംഘങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനതലത്തിൽ വനിതാ സഹകരണ സംഘങ്ങളുടെ ഒരു അപ്പെക്സ് സഹകരണ സംഘടന രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 62 വനിതാ സഹകരണ സംഘങ്ങൾ.

(ബി) തല്ക്കാലം നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

986 [1183] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് മൂന്നാം, കേരള സഹകരണ കോൺഗ്രസ്സ് അംഗീകരിച്ച ശുപാർശകളിലേതെങ്കിലും ഗവൺമെൻറ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നടപ്പിലാക്കിയവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly